# Thursday, 24 October 2019

Lk 9:46-48 (ആരാണ് വലിയവൻ?)

Fr. Antony Elamthottam CMI

തനിക്കു വരുവാനിരിക്കുന്ന പീഢാസഹനത്തെ മുന്നിൽ കണ്ടുകൊണ്ട് യേശു അതു മുൻകൂട്ടി പ്രവചിക്കുന്നതായി സുവിശേഷങ്ങളിൽ നാം വായിക്കുന്നു. ഇപ്രകാരം രണ്ടാമത് പ്രവചിച്ചതിനു തൊട്ടു പിന്നാലെയാണ് തങ്ങളിൽ ആരാണ് വലിയവൻ എന്ന തർക്കം ശിഷ്യന്മാരുടെ ഇടയിലുണ്ടാകുന്നതായി വി. ലൂക്കായുടെ സുവിശേഷങ്ങളിൽ നാം കാണുന്നത്. ഈ തർക്കത്തിന് ഒരു കാരണവുമുണ്ട്. താബോർ മലയിലേക്ക് യേശു കൂട്ടിക്കൊണ്ട് പോയത് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു ശിഷ്യന്മാരെയാണ്. ഈ സംഭവത്തിന് ശേഷം മറ്റു ശിഷ്യന്മാർക്ക് ഇവരോട് അല്പം നീരസമുണ്ടായിരുന്നു. അതു മറ നീക്കി ഇപ്പോൾ പുറത്തു വന്നു ആരാണ് തങ്ങളിൽ വലിയവൻ എന്ന തർക്കത്തിലൂടെ എന്നു മാത്രം. ഇതു മനുഷ്യരുടെ സ്വഭാവിക പ്രതികരണമാണ്.

യേശു ഇതിനെ ഖണ്ഡിക്കുന്നത് ഒരു ശിശുവിനെ കേന്ദ്രമാക്കിയാണ്. വാക്കും പ്രവൃത്തിയും ചേർത്താണ് യേശു മറുപടി നൽകുന്നത്. യേശു ഒരു ശിശുവിനെ തന്നോട് ചേർത്തുനിർത്തി ആദരിക്കുന്നു. ശിശുക്കളെ ആരും അത്ര ഗൗനിക്കാത്ത അക്കാലത്ത് ആരും അവരുടെ അഭിപ്രായങ്ങൾക്ക് അത്ര വില കൊടുത്തിരുന്നില്ല. മറ്റു സംസ്ക്കാരങ്ങളെ അപേക്ഷിച്ച് യഹൂദസംസ്ക്കാരം ശിശുക്കളെ ആദരിച്ചിരുന്നു. എന്നിരുന്നാലും അവരുടെയിടയിലെ ഒരു പഴഞ്ചൊല്ല് പറയുന്നത് ഇപ്രകാരമാണ്: ''പ്രഭാതത്തിലെ നിദ്രയും നട്ടുച്ചയ്ക്കത്തെ വീഞ്ഞും കൊച്ചുങ്ങളോടുള്ള കിന്നാരവും പൊതുജനം കൂടുന്നിടങ്ങളിലെ അലഞ്ഞുതിരിയലും മനുഷ്യനെ നശിപ്പിക്കുന്നു.'' ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയും യഹൂദർ ശിശുക്കളെയും അവരുടെ അഭിപ്രായങ്ങളെയും അത്ര പരിഗണിച്ചിരുന്നില്ല എന്ന്. പക്ഷെ ഇവിടെ യേശു അവരെ പരിഗണിച്ചുകൊണ്ട് കാര്യം വ്യക്തമാക്കുകയാണ് ചെയ്യുന്നത്.

ഈ പരിഗണനയുടെ ആദ്യഭാഗത്ത് പറയുന്നു. ''എന്റെ നാമത്തിൽ ഒരു ശിശുവിനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു'' (ഘസ_9: 48). യേശു ശിശുവിനെ അടുത്തുനിർത്തി അവർക്ക് വിലയുണ്ട്, വലിമയുണ്ട് എന്ന് വ്യക്തമാക്കുന്നു. ഇവിടെ എല്ലാവരും നിരാകരിക്കുന്ന യേശുവും ആരും പരിഗണിക്കാത്ത ശിശുവും തമ്മിൽ സാധർമ്മ്യമുണ്ട്. ആരും ബഹുമാനിക്കാത്ത ശിശുവിനെ തിരുസുതനാകാൻ പോകുന്ന യേശുവിന്റെ നാമം ആധാരമാക്കി സ്വീകരിക്കുമ്പോൾ യേശുവിനെ തന്നെയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. അതുകൊണ്ട് എല്ലാവരും അവഗണിക്കുന്നവരെ സ്വീകരിച്ച് ശുശ്രൂഷിക്കുന്നതിലാണ് യഥാർത്ഥ വലിമ എന്ന ബാലപാഠം യേശു ശിഷ്യരെ പഠിപ്പിക്കുന്നു.

രണ്ടാമതായി ''എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു'' (Lk 9: 48). എന്ന സംബോധന വഴി തന്നെ അയച്ചത് പിതാവായ ദൈവമാണെന്നും അവിടുത്തെ ഹിതം നിറവേറ്റുകയാണ് താൻ ചെയ്യുന്നതെന്നും പഠിപ്പിക്കുന്നു. അതുകൊണ്ട് തന്നെ പൂർണ്ണമായി സ്വീകരിച്ച് അനുസരിക്കുന്നതുവഴി തന്നെ അയച്ച പിതാവിനെ അനുസരിക്കുകയാണ് ചെയ്യുന്നതെന്ന് ബോദ്ധ്യപ്പെടുത്തുന്നു. ചുരുക്കത്തിൽ വലിമയുണ്ടെങ്കിലും ആരം പരിഗണിക്കാത്ത ശിശുവിനെ യേശു തന്നോട് ചേർത്ത് നിർത്തി ആദരിച്ചതുപോലെ യഥാർത്ഥത്തിൽ വിലയുള്ളവരും എന്നാൽ എല്ലാവരാലും അവഗണിക്കപ്പെടുന്നവരുമായവരെ യേശുനാമത്തിൽ സ്വീകരിച്ചു ശുശ്രൂഷിക്കുന്നതിലൂടെ ശിഷ്യർക്ക് യഥാർത്ഥത്തിൽ നിലയും വിലയുമുണ്ടാകുന്നു എന്ന മറ്റൊരു പാഠം യേശു പഠിപ്പിക്കുന്നു.

ലോകം അനാദരിക്കുന്ന ശിശുവിനെയും യഹൂദർ തിരസ്ക്കരിക്കുന്ന യേശുവിനെയും അവിടുത്തെ അയച്ച പിതാവിനെയും അനുസരിക്കാനും അംഗീകരിക്കാനുമുള്ള എളിമ ശിഷ്യത്വത്തിന് വലിമ നൽകുന്നു. അതുകൊണ്ട് യേശു പറയുന്നു: ''നിങ്ങളിൽ ഏറ്റവും ചെറിയവൻ ആരോ അവനാണ് ഏറ്റവും വലിയവൻ'' (Lk 9: 48) എന്ന്.

*Published by*
CMI General Department of Evangelization and Pastoral Ministry